**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5187** **21-07-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക തോട്ടം തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ 2022 മാർച്ച് 31 വരെ എത്ര റബ്ബർ ടാപ്പിംഗ് തൊഴിലാളികളാണ് ജോലി ചെയ്തിരുന്നതെന്ന് അറിയിക്കാമോ; ഇതിൽ സ്ഥിരം തോട്ടം തൊഴിലാളികൾ, താൽക്കാലിക തോട്ടം തൊഴിലാളികൾ എത്ര വീതമെന്നും ആദിവാസി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര തോട്ടം തൊഴിലാളികളുണ്ടെന്നും ഇനം തിരിച്ച് അറിയിക്കാമോ; | (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ 2022 മാർച്ച് 31-ലെ റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു;<br><br>ആകെ തൊഴിലാളികൾ - 79<br>സ്ഥിരം തൊഴിലാളികൾ - 31<br>താൽക്കാലിക തൊഴിലാളികൾ - 48<br>ഇതിൽ ആദിവാസി / പട്ടികവർഗ്ഗം വിഭാഗത്തിലുള്ള തൊഴിലാളികൾ - 78. |
| (ബി) | മേൽ തൊഴിലാളികൾ എത്ര വർഷമായി പുഞ്ചക്കൊല്ലി ഡിവിഷനിൽ ജോലി ചെയ്തു വരുന്നുവെന്ന് സ്ഥിരം, താൽക്കാലികം, ആദിവാസി/ പട്ടികവർഗ്ഗ വിഭാഗം തുടങ്ങിയവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; നിലവിൽ പുഞ്ചക്കൊല്ലി ഡിവിഷനിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്നും അറിയിക്കാമോ; | (ബി) | 1. പുഞ്ചക്കൊല്ലി ഡിവിഷനിൽ ജോലിചെയ്തുവരുന്ന 31 സ്ഥിരം ടാപ്പിംഗ് തൊഴിലാളികൾ 1995 മുതൽ പല ഘട്ടങ്ങളിലായി ജോലിയിൽ സ്ഥിരപ്പെട്ടവരാണ്. 48 താൽക്കാലിക ടാപ്പിംഗ് തൊഴിലാളികൾ 2015 മുതൽ പല ഘട്ടങ്ങളിലായി ജോലിയിൽ പ്രവേശിച്ച് ജോലി ചെയ്തുവരുന്നു. ഇതിൽ ആകെ 78 ആദിവാസി / പട്ടികവർഗ്ഗ തൊഴിലാളികളാണുള്ളത്.<br><br>2. നിലവിൽ പുഞ്ചക്കൊല്ലി ഡിവിഷനിൽ 49 ടാപ്പിംഗ് തൊഴിലാളികളും 36 ഫീൽഡ് തൊഴിലാളികളുമുൾപ്പെടെ 85 തൊഴിലാളികളാണ് ജോലി ചെയ്തു വരുന്നത്. |
| (സി) | പുഞ്ചക്കൊല്ലി ഡിവിഷനിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 37 ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തോട്ടം തൊഴിലാളികളെ അടുത്തിടെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; ഇവർക്ക് പിരിച്ചു വിടുന്നതുമായി ബന്ധപ്പെട്ട നോട്ടീസ് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ; നോട്ടീസുകൾ പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ കൈപ്പറ്റിയതിന്റെ രശീതികൾ ലഭ്യമാക്കാമോ; | (സി) | നിലമ്പൂർ എസ്റ്റേറ്റിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോഴും സീസണൽ ജോലികൾക്ക് ആവശ്യമുള്ളപ്പോഴും പ്രാദേശികമായി തയ്യാറാക്കപ്പെട്ട പട്ടികയിലെ തൊഴിലാളികളെ താൽക്കാലികമായി നിയോഗിച്ചു വരുന്നു. ഡിവിഷനിലെ ഇപ്രകാരമുള്ള 37 ആദിവാസി വിഭാഗങ്ങളിൽപെട്ട താൽക്കാലിക തൊഴിലാളികളെ ജോലിയുടെ ലഭ്യതക്കുറവുമൂലം മാറ്റി നിർത്തുകയുണ്ടായി. കോർപ്പറേഷനിലെ നിയമങ്ങൾ പ്രകാരം സ്ഥിരം തൊഴിലാളികളുടെ അഭാവത്തിൽ |

| | | | |
|---|---|---|---|
| | | | ജോലി നിർവ്വഹിക്കുന്നതിനായാണ് താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നത്. ഇത്തരത്തിൽ താൽക്കാലികമായി നിയോഗിക്കപ്പെടുന്നവർക്ക് രേഖാമൂലമുള്ള നിയമന ഉത്തരവോ ജോലിയോ ഇല്ലാത്ത സാഹചര്യത്തിൽ വിട്ടുതൽ ഉത്തരവോ നൽകാറില്ല. |
| (ഡി) | മുപ്പത്തിയേഴ് ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തൊഴിലാളികളെ നോട്ടീസ് പോലും നൽകാതെ പിരിച്ചുവിടാനുണ്ടായ കാരണം വിശദമാക്കാമോ; മേൽ തൊഴിലാളികളെ പിരിച്ചുവിടണമെന്ന നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നും ഉദ്യോഗസ്ഥന്റെ വിശദാംശങ്ങളും നൽകാമോ; | (ഡി) | നിലമ്പൂർ എസ്റ്റേറ്റിലെ പുഞ്ചക്കൊല്ലി ഡിവിഷനിലെ 1989 പ്ലാന്റിങ്ങ് ഏരിയ (30 ഹെക്ടർ) കടുംവെട്ടിന് കരാർ നൽകുന്നതിനാലും 1988 പ്ലാന്റിങ്ങ് ഏരിയ (25 ഹെക്ടർ) മരങ്ങൾ മുറിച്ചുമാറ്റി പ്ലാന്റിംഗ് നടത്തുന്നതിന് തീരുമാനിച്ചതിനാലും മൊത്തം ടാപ്പിംഗ് ടാസ്കുകളുടെ എണ്ണം 107 -ൽ നിന്ന് 74ആയി കുറയുകയുണ്ടായി. തോട്ടത്തിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോഴും സീസണൽ ജോലികൾക്ക് ആവശ്യമുള്ളപ്പോഴും ഡിവിഷൻ ഫീൽഡ് എക്സിക്യൂട്ടീവ് ആദിവാസി ഊരിൽ നേരിൽചെന്ന് കണ്ട് ജോലി സാധ്യത അറിയിക്കുകയും തൊഴിലാളികളെ താൽക്കാലികമായി ജോലിക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. പ്രാദേശികമായി തയ്യാറാക്കപ്പെട്ട പട്ടികയിലെ താൽക്കാലിക തൊഴിലാളികളെയാണ് ഇപ്രകാരം ജോലിക്ക് നിയോഗിക്കുന്നത്. ജോലി ഒഴിവില്ലാത്ത സാഹചര്യത്തിലാണ് ടി 37 ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തൊഴിലാളികളെ ജോലിയിൽ നിന്നും മാറ്റി നിർത്തിയിട്ടുള്ളത്. ഇപ്രകാരം താൽക്കാലികമായി നിയോഗിക്കപ്പെടുന്നവർക്ക് രേഖാമൂലമുള്ള നിയമന ഉത്തരവോ ജോലിയില്ലാത്ത സാഹചര്യങ്ങളിലുള്ള പിരിച്ചുവിടൽ ഉത്തരവോ നൽകാറില്ല. തൊഴിലാളികളെ ജോലിയുടെ ലഭ്യത പരിശോധിച്ച് നിയോഗിക്കുന്നത് എസ്റ്റേറ്റ് മാനേജരാണ്. |
| (ഇ) | പിരിച്ചുവിടപ്പെട്ടതും, നിരവധി വർഷങ്ങളായി ജോലി ചെയ്തു വന്നിരുന്നതുമായ പ്രസ്തുത തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | (ഇ) | ഇപ്പോൾ മാറ്റി നിർത്തിയിരിക്കുന്ന തൽക്കാലിക തൊഴിലാളികളെ മുൻ പതിവനുസരിച്ച് തുടർന്ന് സ്ഥിരം തൊഴിലാളികളുടെ അഭാവത്തിൽ താൽക്കാലികമായി ജോലിക്ക് നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ